(ബി) ഇതിലേക്കായി എത്ര തുക ചിലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) മയ്യിൽ കേന്ദ്രമായി നടപ്പിലാക്കുന്നതിന് സമർപ്പിച്ച 'കൾച്ചറൽ ടൂറിസം' പദ്ധതിയുടെ നിലവിലുള്ള സ്ഥിതിയെന്താണ്?

ഉത്തരം

(എ) തളിപ്പറമ്പ് മണ്ഡലത്തിലെ രാജരാജേശ്വരി ക്ഷേത്രം റോഡ്, രാജരാജേശ്വരി ക്ഷേത്ര വിശ്രമകേന്ദ്രം എന്നിവ നടപ്പാക്കുകയും ധർമ്മശാല-പറശ്ശിനിക്കടവ് റോഡിന്റെ നവീകരണത്തിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) 36,73,753 രൂപ (മുപ്പത്തിയാറു ലക്ഷത്തി എഴുപത്തിമൂവായിരത്തി എഴുന്നൂറ്റി അൻപത്തി മൂന്ന്) ചെലവാക്കിയിട്ടുണ്ട്.

(സി) 'കൾച്ചറൽ ടൂറിസം' പദ്ധതി സംബന്ധിച്ച നിർദ്ദേശം ലഭിച്ചെങ്കിലും ഭൂമി ലഭ്യതയുടെ പ്രശ്നംമൂലം ഈ പദ്ധതി ഇപ്പോൾ വകുപ്പിന്റെ പരിഗണനയിൽ ഇല്ല.

കുമ്പളങ്ങി മാതൃകാ ടൂറിസം വില്ലേജ്

127(419) ശ്രീ. സി. എം. ദിനേശ്മണി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുമ്പളങ്ങി മാതൃകാടൂറിസം വില്ലേജിൽ എന്തെല്ലാം വികസന പദ്ധതികളാണ് ടൂറിസം വകുപ്പ് നടത്താൻ ഉദ്ദേശിക്കുന്നത്; പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

നിലവിൽ വികസന പദ്ധതികൾ നടത്താനുള്ള നിർദ്ദേശം പരിഗണനയിലില്ല.

കാസർഗോഡ് ജില്ലയിലെ ടൂറിസം വികസന പദ്ധതികൾ

128(420) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എന്തെല്ലാം ടൂറിസം വികസന പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പുതുതായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly